പിന്നുര

# പ്രാരംഭവും പ്രചോദനവും

## ജോൺ പോൾ

ജനനത്തിനും മരണത്തിനുമിടയിലെ ഹ്രസ്വമായ ദൂരംകൊണ്ട് അടയാളപ്പെടുത്താവുന്ന ജീവിതം മാത്രം വർഷിച്ച ശേഷം അരങ്ങൊഴിയുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. ജീവിച്ചിരിക്കുമ്പോഴാവട്ടെ വെട്ടിപ്പിടിക്കുവാനുള്ള ത്വരയോടൊപ്പം മരണാനന്തര അവസ്ഥകളെക്കുറിച്ചുള്ള ആശങ്കകളും അതിനെ ചൊല്ലിയുള്ള വെമ്പലുകളുമാണ് നമ്മെ നയിക്കുന്നതും ഉലയ്ക്കുന്നതും. എന്നാൽ ഇതിനു അപവാദങ്ങളായി, വല്ലപ്പോഴുമൊരിയ്ക്കൽ ചിലർ നമുക്കിടയിലുണ്ടാകുന്നു. അവർ ജീവിച്ചിരിക്കുമ്പോൾ അവരുടെ വ്യക്തിസത്തയുടെ അഭൗമചൈതന്യം പൂർണ്ണമായും സമൂഹം ഉൾക്കൊള്ളുക പതിവില്ല. എന്നാലോ ജീവിതാനന്തര കാലങ്ങളിൽ അവയുടെ തുടർപ്രസരണം നമ്മെ അത്ഭുതപ്പെടുത്തുന്നു. ഇങ്ങിനെയുമൊരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു എന്നു നാം അമ്പരപ്പോടെ, ആദരവോടെ, ആരാധനയോടെ തിരിച്ചറിയുകയും വരും കാലത്തോടു ഏറ്റു പറയുകയും ചെയ്യുന്നു. അപൂർവ്വങ്ങളിൽ അപൂർവ്വമായി മാത്രം സമൂഹത്തിനു ലഭിക്കുന്ന വരദാനങ്ങളായി അവർ ചരിത്രത്തിൽ ഇടംതേടുന്നു. കേവല മരണംകൊണ്ട് അതിരു കുറിയ്ക്കാനാവാത്ത ജീവിതമായിരിക്കും അവർ ഇവിടെ വർഷിച്ചിരിക്കുക. പിറന്നു വീഴുമ്പോഴേ നടന്നു തികയ്ക്കേണ്ട കാതങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും കരുതലും അവരിൽ ലീനമായിരുന്നിരിക്കും. അതിൽ ബദ്ധിതവും അർപ്പിതവുമായ ഒരു യാത്ര മാത്രമായിരുന്നിരിക്കും അവർക്കു ജീവിതം. ആ ജീവിതമാവട്ടെ അവസാനിക്കുന്നതുമല്ല. തുടങ്ങി വച്ചതത്രയും വർദ്ധിച്ച പ്രസരണപ്രാപ്തിയോടെ ചുറ്റും വ്യാപിക്കുകയും ആ ചൈതന്യപ്രഭാവ്യാപനത്തിന് എമ്പാടും സാക്ഷ്യങ്ങളുണ്ടാവുകയും ചെയ്യുമ്പോൾ അവർക്കു പിന്നെ മരണമില്ലാതാവുന്നു. അവരിവിടെ വർഷിച്ച ജീവിതം സന്ദേശമാവുകയും അതിലുൾച്ചേർന്ന മാനവികത

യോടുള്ള അഭേദ്യമായ ഇഴദാർഢ്യം മൂലം ഭൗതികാർത്ഥത്തിലുള്ള മരണം ആ സന്ദേശത്തിനു വിരാമമല്ലാതാവുകയും ചെയ്യുന്നു. ജീവിച്ചിരിക്കുമ്പോഴേ അവർ അമരത്വം നേടുകയും ജീവിതാനന്തരജീവിതത്തിനു അവകാശികളായി ഭവിക്കുകയും ചെയ്യുന്നു. അവരെ അവതാരങ്ങളായി കാലം അടയാളപ്പെടുത്തുന്നു. അപ്രകാരം പ്രതിഷ്ഠിയ്ക്കപ്പെടുന്ന ഒരു യുഗപ്രഭാവനാണ് ചാവറ കുര്യാക്കോസ് ഏലിയാസ്.

അദ്ദേഹത്തിന്റെ ബഹുമുഖങ്ങളായ സംഭാവനകളുടെ ദൂരവ്യാപകവും കാലാതീതവുമായ പ്രസക്തിയും പ്രാധാന്യവും ശ്രേഷ്ഠതയും നാൾക്കുനാൾ കൂടുതലായി തിരിച്ചറിയപ്പെട്ടു വരികയാണ്. ഇത്രയേറെ മേഖലകളിൽ ഇത്ര വലിയ സംഭാവനകൾ ചെറിയൊരു കാലം കൊണ്ടു ചെയ്തുതീർക്കുക മാത്രമായിരുന്നില്ല അദ്ദേഹം ചെയ്തത്; സമൂഹം ഇനിയും സഞ്ചരിച്ചെത്തുവാനിരിക്കുന്ന കാലപർവ്വങ്ങളിൽക്കൂടി പ്രയോജനപ്പെടുകയും അർത്ഥവത്തായി തുടരുകയും ചെയ്യുംവിധം ഒരുപാടൊരുപാടു കാര്യങ്ങൾക്കു ആഴങ്ങളുടെ ആഴങ്ങളിൽ വേരുകളാണ്ട മഹത്തായ തുടക്കങ്ങൾ കുറിക്കുകകൂടിയാണ്. ഒരു മനുഷ്യജന്മം കൊണ്ടിത്രയേറെ കർമ്മങ്ങളോ എന്നു പതിവുമട്ടിൽ അതിശയിക്കുവാനേ പരിമിതജ്ഞാനികൾ നമുക്കു കഴിയുന്നുള്ളൂ. ഒരു ജനനം കൊണ്ടു തുടങ്ങുകയും ഒരു മരണംകൊണ്ട് അവസാനിക്കുകയും ചെയ്യാത്ത ജീവിതവർഷമാണു അദ്ദേഹത്തിന്റേത്. അങ്ങിനെയൊരു അവതാരം സമൂഹത്തിന്റെ ആവശ്യമായിരുന്നു; കാലത്തിന്റെ അർത്ഥനയായിരുന്നു.

ഓരോ പുനർഃവായനയിലും പുതിയ പുതിയ മാനങ്ങളും പൊരുളുകളും വെളിവാക്കി തരുന്ന ശ്രേഷ്ഠ ജന്മവും ജീവിതവുമായിരുന്നു ചാവറയച്ചന്റേത്. ആ വെളിപ്പെടുത്തലുകളെക്കുറിച്ച് സുമനസ്സുകളായ പണ്ഡിത ശ്രേഷ്ഠർ പലപ്പോഴായി നടത്തിയ വിചാര നിരീക്ഷണങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. *ആർ. വെങ്കിട്ടരാമൻ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, നിത്യചൈതന്യയതി, ഒ.എൻ.വി. കുറുപ്പ്, ഡോ. സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, പ്രൊഫ. എം.കെ. സാനു, സുകുമാരൻ പൊറ്റെക്കാട്, ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, പ്രൊഫ. എം. തോമസ് മാത്യു, ഡോ. കെ.എസ്സ്. രാധാകൃഷ്ണൻ, മാർ മാത്യു അറയ്ക്കൽ, പ്രൊഫ. മാത്യു ഉലകംതറ, ഫാ. വലേരിയൻ പ്ലാത്തോട്ടം, റവ. ഡോ. ഇസഡ് എം. മൂഴൂർ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. ജെ.എസ്സ്. തേക്കുങ്കൽ, സണ്ണി കുറ്റിക്കാട്ട്, കെ.എൽ. മോഹനവർമ്മ, സിസ്റ്റർ ഡോ. സോഫി റോസ്.....*

എല്ലാവരും സ്മര്യപുരുഷന്റെ സേവനശുശ്രൂഷയിലെ ഓരോ തല ങ്ങളെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ആദ്ധ്യാത്മിക പുരുഷനും ദാർശനികനും നവോത്ഥാനനായകനും മാധ്യമ സംരംഭകനും സാമൂ ഹ്യവിചാരകനും കവിയും വാഗ്മിയും ചരിത്രകാരനും എല്ലാമായി അദ്ദേഹം ഈ താളുകളിൽ പ്രത്യക്ഷപ്പെടുന്നു. വൈവിധ്യമാർന്ന ബഹുമുഖ വ്യാപനങ്ങളുടെ രേഖാചിത്രങ്ങളാണ് ഓരോ കുറിപ്പും. *ഡോ. എം.ജി.എസ്സ്. നാരായണന്റെ* അവതാരികയും കഥാപുരുഷനുള്ള പ്രണാമമായി അതോട് ഉൾച്ചേരുന്നു.

ചാവറയച്ചന്റെ വ്യക്തിസത്തയെ ഇന്നലെയോടു ചേർത്തും നാളെ യോടു കൊരുത്തും സമഗ്രമായി വിലയിരുത്തുന്നതിനും സൂക്ഷ്മാം ശങ്ങളിൽ അപഗ്രഥിക്കുന്നതിനും, വിശദമായി, വ്യാപകമായി ചർച്ച ചെയ്യുന്നതിനും, ഈ നിരീക്ഷണങ്ങൾ പ്രാരംഭവും പ്രചോദനവുമാ കുമെന്നാണ് പ്രതീക്ഷ. ലേഖകർക്കൊപ്പം, അവതാരികാകാരനോ ടൊപ്പം, സമൂഹത്തോടൊപ്പം, ആദരവോടെ നമിക്കുകയും പുതിയ വെളിപാടുകൾക്കായി കൺപാർക്കുകയും ചെയ്യുക മാത്രം ഇവിടെ നിയോഗം.

■